# ACADEMIC MASTER PLAN 2025- 2026



# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ST.AGNES L.P.SCHOOL MUTTUCHIRA**

*We care your dreams…*

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മുഖ്യലക്ഷ്യങ്ങൾ

- സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക.

- ഓരോ ക്ലാസ്സിലും നേടേണ്ട പഠനശേഷികൾ എല്ലാ കുട്ടികളും കരസ്ഥമാക്കി എന്ന് ഉറപ്പാക്കുക.

- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.

- കലാകായിക പ്രവർത്തിപരിചയ മേഖലകളിൽ ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് പരിശീലനം നൽകി ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ മികവ് തെളിയിക്കുന്നതിനുള്ള കൂടുതൽ അവസരങ്ങൾ ഒരുക്കുക.

- ഓരോ ക്ലാസ്സിലെയും പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഐ.സി.ടി സാധ്യതകൾ വികസിപ്പിക്കുന്നതിന് വേണ്ട പദ്ധതികൾ തയ്യാറാക്കുക.

# സന്ദേശം

*ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.*

*ഓരോ കുട്ടിയുടെയും അറിവും കഴിവും മനസിലാക്കി അതിനു പറ്റിയ കരിക്കുലം വിഭാവനം ചെയ്താൽ മാത്രമേ ഏറ്റവും ഉയർന്ന തലത്തിലേക്ക് കുട്ടികളെ കൈപിടിച്ചുയർത്താൻ സാധിക്കൂ .അതിനായി സ്ഥാപനത്തിലെ എല്ലാ കുട്ടികളുടെയും അക്കാദമിക വളർച്ചക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഇനിയും കുട്ടികളുടെ വളർച്ചയിൽ ഏറെ ശ്രദ്ധ പുലർത്തി മുന്നോട്ടുപോകാൻ ഇത് സഹായിക്കും എന്നതിൽ യാതൊരു സംശയവും ഇല്ല. ഈ അക്കാദമിക് പ്ലാനിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു. .*

സ്നേഹത്തോടെ

സി. ഷിജി ജോസഫ് സി .എം. സി

ഹെഡ്മിസ്ട്രസ്

# ചരിത്രം

ഈശ്വര ചൈതന്യത്താൽ അടിയുറച്ച സ്വപ്നങ്ങളുമായി ഭാവിയുടെ വാഗ്ദാനങ്ങളായ മുട്ടുചിറയിലെയും സമീപ പ്രദേശങ്ങളിലെയും കൊച്ചു കുട്ടികൾ ഉണർന്നു പ്രശോഭിക്കണം എന്ന വ്യക്തമായ ബോധ്യത്തോടെ മുട്ടുചിറ റൂഹാദ്ക്കുദിശ പള്ളി രൂപം കൊടുത്ത വിദ്യാഭ്യാസ സ്ഥാപനമാണ് സെൻറ് ആഗ്നസ് എൽ പി സ്കൂൾ .

നൂറ്റാണ്ടുകൾക്ക് മുൻപ് ലളിതമായ രീതിയിൽ പ്രവർത്തിച്ചു വന്നിരുന്ന ഈ സ്കൂളിന് 1921 ലെ സി .എം .സി സന്യാസിനികളുടെ സാന്നിധ്യം ഒരു പുതിയ ഉണർവാണ് സമ്മാനിച്ചത്.അങ്ങനെ 1922 സെപ്റ്റംബർ 13 ന് വിശുദ്ധ ആഗ്നസിൻെറ നാമത്തിൽ സമാരംഭിച്ച സ്കൂൾ 1927 ൽ മഠം വക കെട്ടിടത്തിലേക്ക് മാറ്റുകയും 1949 ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെടുകയും പ്രൈമറി വിഭാഗത്തെ വേർതിരിക്കുകയും ചെയ്തു.

നല്ലവരായ ഇടവകാംഗങ്ങളുടെയും നാട്ടുകാരുടെയും നിസ്വാർത്ഥമായ സഹകരണത്താൽ വളർച്ചയുടെ ഒരു ചരിത്രമാണ് സ്കൂളിനുള്ളത്. 1953 ൽ പാലാ കോർപ്പറേറ്റ് സ്കൂൾ ഏറ്റെടുക്കുകയും 2003 ൽ ഗവൺമെൻറ് അംഗീകാരത്തോടെ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുകയും ചെയ്തു.

2011 ൽ പുതിയ സ്കൂൾ കെട്ടിടം നിർമ്മാണം ആരംഭിക്കുകയും 2013 ഡിസംബർ 9 ന് പൂർവ വിദ്യാർത്ഥി കൂടിയായ പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനവും വെഞ്ചിരിപ്പും നടത്തുകയും ചെയ്തു.പുതിയ കെട്ടിട നിർമ്മാണം സാധ്യമാക്കുകയും അതിനായി അക്ഷീണം പരിശ്രമിക്കുകയുംചെയ്തബഹു.മാനേജർറവ.ഫാ.സെബാസ്റ്റ്യൻമുണ്ടുമൂഴിക്കര, സി.എം.സി.കോൺഗ്രിഗേഷൻ,ഹെഡ്മിസ്ട്രസ് സി.വിൽസി സി .എം .സി.,പി.ടി.എ അംഗങ്ങൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു . 2014 ഫെബ്രുവരി 24ന് ഇന്ന് കാണുന്ന ഇരുനില കെട്ടിടത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു .

കുട്ടികളുടെ ആത്മീയവും ഭൗതികവും കലാപരവും കായികവും സദാചാരപരവും ആയ വിവിധ കഴിവുകൾ കണ്ടെത്തി വളർത്തിയെടുക്കാൻ സഹായകരമായ ഒരു അന്തരീക്ഷമാണ് സെൻറ് ആഗ്നസ് എൽ .പി .സ്കൂൾ ഒരുക്കിയിരിക്കുന്നത്. ജില്ലാ, ഉപ-ജില്ലാ വേദികളിലെ ശ്രദ്ധേയമായ സാന്നിധ്യം നമ്മുടെ സ്കൂളിനെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റിയിരിക്കുന്നു. നിസ്വാർത്ഥമായി അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന ഇവിടുത്തെ അധ്യാപകർ സ്ഥാപനത്തിൻെറ മുതൽക്കൂട്ടാണ്.

## ഭൗതിക സൗകര്യങ്ങൾ

- ക്ലീൻ & സേഫ് ക്യാമ്പസ്
- ഇക്കോ ഫ്രണ്ട്‌ലി ക്യാമ്പസ്
- ഇന്റർനെറ്റ് സൗകര്യം
- കമ്പ്യൂട്ടർ ലാബ്
- ലൈബ്രറി
- കളിസ്ഥലം
- പ്രയർ റൂം
- ഔഷധത്തോട്ടം
- പച്ചക്കറിത്തോട്ടം
- പൂന്തോട്ടം
- കിച്ചൻ കം സ്റ്റോർ
- കൃഷിത്തോട്ടം
- മാലിന്യ നിർമാർജന സംവിധാനം
- വിശാലമായ പാർക്കിംഗ് ഏരിയ
- സ്റ്റോർ
- ചുറ്റുമതിൽ & ഗേറ്റ്
- വൈദ്യുതീകരിച്ച ക്ലാസ്സ്മുറികൾ
- ന്യൂ സൗണ്ട് സിസ്റ്റം
- സ്കൂൾ ഓഡിറ്റോറിയം & സ്റ്റേജ്
- ഹെൽത്ത് കോർണർ &നഴ്സിംഗ് സർവീസ്
- റെസ്റ്റിംഗ് പ്ലെയ്സ്
- ഹാൻഡ് വാഷിംഗ് ഏരിയ & സെപ്പറേറ്റ് ടോയ്‌ലറ്റ്

## സ്കൂൾ- പൊതു ചിത്രം


| | |
|---|---|
| **Name of the school** | **: St.Agnes L.P.School Muttuchira** |
| **School Code** | **:45322** |
| **Estd** | **:1922** |
| **Address** | **: Muttuchira P.O.. Muttuchira. Pin 686613** |
| **Revenue district** | **: Kaduthuruthy** |
| **Sub District** | **: Kuravilangadu** |
| **Medium** | **: English/ Malayalam** |
| **Category** | **: Aided** |
| **Section** | **: L.P.** |
| **Ph No** | **: 04829-282758** |
| **Email** | **: stagneslpsmuttuchira@gmail.com.** |
| **Name of Cluster** | **:Govt.U.P.S.Muttuchira** |
| **Panchayath** | **: Kaduthuruthy** |
| **Ward No** | **:VIII** |
| **Block** | **: Kaduthuruthy** |
| **District** | **: Kottayam** |
| **Total Students** | **: 242** |
| **Total Teachers** | **: 11** |
| **Divisions** | **: 10** |
| **Total boys** | **:113** |
| **Total Girls** | **:129** |
| **Name of H.M.** | **: Sr. Shiji Joseph** |

## പ്രശ്നങ്ങൾ /പരിമിതികൾ

- സ്കൂൾ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടിന്റെ കുറവ്
- ഡിജിറ്റൽ ക്ലാസ് മുറികളുടെ അഭാവം
- കൂടുതൽ കംപ്യൂട്ടറുകൾ
- ലാപ്ടോപ്കളുടെ കുറവ്.
- ഇടച്ചുമർ ഇല്ലാത്ത ക്ലാസ്സ്മുറികൾ
- കോൺഫറൻസ് റൂമിന്റെ അഭാവം
- അക്വേറിയം
- ചിൽഡ്രൻസ് പാർക്ക്.
- ജൈവവൈവിധ്യ പാർക്ക്
- വൈറ്റ് ബോർഡ് ഓരോ ക്ലാസ്സിലും
- ലവ് ബേർഡ്സ് കൂട്
- മോഡേൺ ടോയ്ലെറ്റ്സ്
- എക്സ്ട്രാ ക്ലാസ്സ്റൂംസ്
- മാലിന്യ സംസ്കരണ പ്ലാന്റ്
- റാമ്പ് റെയിൽ സൗകര്യം
- വാട്ടർ കൂളർ
- ഇൻവെർട്ടർ
- അക്വാ ഫ്രഷ്
- ജമ്പിങ് പിറ്റ്
- യോഗ ക്ലാസ് റൂം
- വീതി കുറഞ്ഞ റോഡ്

## വിദ്യാലയത്തിന്റെ ശക്തി

- അർപ്പണ മനോഭാവത്തോടു കൂടി പ്രവർത്തിക്കുന്ന അധ്യാപകർ
- കുട്ടികളുടെ പഠന കാര്യങ്ങളിൽ ഏറെ ശ്രദ്ധിക്കുന്ന മാതാപിതാക്കൾ
- സജീവമായ വിദ്യാലയ വികസന സമിതി അംഗങ്ങൾ
- പ്രാദേശിക പിന്തുണ
- സഹായ സന്നദ്ധമായ സ്കൂൾ മാനേജ്മെന്റ്
- നവീന സ്കൂൾ കെട്ടിടം
- പൂർവ വിദ്യാർത്ഥികളുടെ സഹകരണവും പൂർവ അദ്ധ്യാപകരുടെ പിന്തുണയും



# പൊതു ലക്ഷ്യങ്ങൾ

- *സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ നേടി എന്ന് ഉറപ്പു വരുത്തും.*
- *ഓരോ ഘട്ടം കഴിയുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കും*
- *കുട്ടികളുടെ സർഗ്ഗപരവും .അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ചു സംസ്ഥാന ദേശീയ അന്തർ ദേശീയ തലത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തമാക്കും.*
- *എല്ലാ കുട്ടികൾക്കും മലയാളം ,ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തും.*
- *ശിശു സൗഹൃദ വിദ്യാലയം*
- *പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം*
- *ജൈവ പാർക്ക്.*
- *ശലഭോദ്യാനം.*
- *ടാലൻറ് ലാബ്*
- *ക്ലബ് പ്രവർത്തനങ്ങൾ*
- *കലാ കായിക പ്രവർത്തനങ്ങൾ*
- *ഓരോ പഠന പ്രവർത്തനങ്ങളും കൃത്യമായി വിലയിരുത്തൽ നടത്തി അതിന്റെ റിസൾട്ട് രേഖപ്പെടുത്തും.*
- *കുട്ടികളിലെ ധാർമ്മിക - മൂല്യാധിഷ്ഠിത ചിന്തകൾ മെച്ചപ്പെടുത്തുന്നതിനുള്ള അവസരം ലഭ്യമാക്കുന്നു.*

# മികവിനായി തിരഞ്ഞെടുക്കുന്ന പ്രവർത്തങ്ങൾ

## 1. അക്കാദമികം

### *1.1 ഹ്രസ്വ കാലം*

- ✓ **റെമഡിയൽ ക്ലാസ്**

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി എല്ലാ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും അര മണിക്കൂർ സമയം മാറ്റി വയ്ക്കുന്നു. വായനയ്ക്കും എഴുത്തിനും സമയം കണ്ടെത്തുന്നു.

- ✓ **ചിത്ര വായന**

കുട്ടികളിൽ പദസമ്പത്തു വർധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ക്ലാസ് അദ്ധ്യാപകർ പഠനത്തോടൊപ്പം ചിത്രവായനയ്ക്കും അവസരം നൽകുന്നു.

- ✓ **പ്രഭാഷണ പരമ്പര**

കുട്ടികൾ അറിഞ്ഞിരിക്കേണ്ട പൊതു വിജ്ഞാന വിഷയത്തെകുറിച്ചു അദ്ധ്യാപകർ ഉച്ചയ്ക്ക് 1:25 ന് 5 മിനിറ്റ് നീളുന്ന പ്രഭാഷണം നടത്തുന്നു

- ✓ **അധിക വായന / ചിഹ്നം ചേർത്ത് വായന**

മലയാള അക്ഷരങ്ങൾ , കൂട്ടക്ഷരങ്ങൾ എന്നിവ മനസ്സിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്കായി എല്ലാ വെള്ളിയാഴ്ചയും ക്ലാസ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ അധിക വായന നടത്താനുള്ള അവസരം ഒരുക്കുന്നു

## *1.2 മധ്യമ കാലം*

✓ **മഹത് വചനങ്ങൾ**

മൂല്യ ബോധം കുട്ടികളിൽ വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി എല്ലാ ദിവസവും കുട്ടികൾ ഓരോ **മഹത്** വചനങ്ങൾ പഠിച്ചു പറയുന്നു. വിവിധ മഹാൻ മാരെ പരിചയപ്പെടുന്നതിനും അവരുടെ നല്ല ജീവിത മാതൃക ജീവിതത്തിൽ പകർത്തുന്നതിനും , സമൂഹ മധ്യത്തിൽ നിന്ന് ഒരു കാര്യം പറയാനുള്ള പേടി മാറുന്നതിനും ഇത് കുട്ടികളെ സഹായിക്കുന്നു.

✓ **കൈയ്യക്ഷര മത്സരങ്ങൾ**

കുട്ടികളുടെ നല്ല കൈയ്യക്ഷരത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിവിധ ദിനാചരണങ്ങളുടെ ഭാഗമായി ക്ലാസ് അദ്ധ്യാപകർ മത്സരം സംഘടിപ്പിക്കുകയും മികച്ച കുട്ടിക്ക് അസംബ്ലിയിൽ വെച്ച് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

✓ **പത്ര പാരായണം**

ആനുകാലികവിഷയത്തെകുറിച്ച് കുട്ടികളെബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ അസംബ്ലിയിൽ വാർത്ത പാരായണം നടത്തുന്നു. ആനുകാലിക വിഷയങ്ങളെക്കുറിച്ചും അറിവ് നേടുന്നതിനും ഭാഷയിൽ പ്രാവീണ്യം നേടുന്നതിനും കുട്ടികളെ ഇത് സഹായിക്കുന്നു.

✓ **ചിഹ്നം ചേർത്ത് വായന**

ഒന്ന് രണ്ട് ക്ലാസ്സുകളിൽ അക്ഷര വായനയ്ക്കും , ചിഹ്നം ചേർത്ത് വായനയ്ക്കും അവസരം നൽകുന്നു. കുട്ടികൾക്ക് അവരുടെ വായന ക്ഷമത വർധിപ്പിക്കുന്നതിന് ഇത് സഹായിക്കുന്നു. ക്ലാസ് ടീച്ചർ മാരാണ് ഇതിനു നേതൃത്വം നൽകുന്നത്.

✓ **സി പി ടി എ**

കുട്ടികളുടെ പഠന നിലവാരം ,വിവിധ കഴിവുകൾ എന്നിവ കൂടുതൽ മനസിലാക്കുവാനും അത് കൂടുതൽ മെച്ചപ്പെടുത്താനും ഉപകരിക്കുന്ന സി പി ടി എ നിശ്ചിത സമയങ്ങളിൽ കൂടുകയും വേണ്ട വിലയിരുത്തലുകൾ നടത്തുകയും ചെയ്യാറുണ്ട്. അദ്ധ്യാപകരും മാതാ പിതാക്കളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനും കുട്ടികളെ കൂടുതൽ മനസിലാക്കുന്നതിനും ഇത് സഹായിക്കുന്നുണ്ട്.

✓ **സ്കൂൾ പാർലമെൻറ്**

ജനാധിപത്യ പ്രക്രിയയിൽ പങ്കാളി ആകേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്കൂൾ പാർലമെൻറ് നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നു. ജാനാധിപത്യ പ്രക്രിയയിൽ ആണ് സ്കൂൾ ലീഡർ തിരഞ്ഞെടുപ്പു നടക്കുന്നത്.

✓ **വിവിധ ക്ലബുകൾ**

കുട്ടികളുടെ സർവതോന്മുഖ വികാസം ലക്ഷ്യമാക്കി വിവിധ ക്ലബുകൾ നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നു.ക്ലബ് പരിപാടികൾക്ക് വിവിധ അദ്ധ്യാപകർ നേതൃത്വം നൽകുന്നു.

✓ **ദിനാചരണങ്ങൾ**

പ്രധാന ദിവസങ്ങളും അവയുടെ പ്രാധാന്യങ്ങളും മനസിലാക്കുക എന്ന ഉദ്ദേശ്യത്തോടെ കുട്ടികൾക്കായി വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.ക്ലാസ്സുകൾ,ക്വിസുകൾ,സെമിനാറുകൾ, ഫീൽഡ്ട്രിപ്പുകൾ എന്നിവ നടത്തപ്പെടുന്നു

✓ **എസ് ആർ ജി മീറ്റിംഗ്**

സ്കൂളിന്റെ സർവതോന്മുഖ വികസനം ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ആസൂത്രണം നടത്തുന്നതിനും സ്കൂൾ എസ് ആർ ജി നിശ്ചിത സമയങ്ങളിൽ കൂടുകയും വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുകയും അവ നടപ്പാക്കുകയും ചെയ്യുന്നു .

✓ **ഫ്രൂട്ട് ഇൻ എ ഡേ പദ്ധതി**

ആരോഗ്യത്തോടൊപ്പം പോഷകവും ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ നമ്മുടെ സ്കൂളിൽ നടന്നുവരുന്ന പദ്ധതിയാണ് ഫ്രൂട്ട് ഇൻ എ ഡേ പദ്ധതി . ഓരോ ദിവസവും വിവിധ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ച ഭക്ഷണത്തിനു ശേഷം വിവിധ പഴ വർഗ്ഗങ്ങൾ നൽകി വരുന്നു.

✓ **കലാപരിപാടികൾ**

കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അവരുടെ വിവിധ കഴിവുകൾ പ്രകടിപ്പിക്കാൻ സ്കൂളിലും ക്ലാസ്സിലും അവസരം ഒരുക്കുന്നു. എല്ലാ വെള്ളിയാഴ്ച കളിലും ലാസ്റ്റ് പീരിയഡ് സർഗ്ഗവേള എന്ന പേരിൽ ക്ലാസ് തലത്തിൽ അവസരം നൽകുന്നു. പ്രധാന ദിവസങ്ങളിൽ സ്കൂൾ അസംബ്ലിയിൽ വെച്ച് അവസരം നൽകുന്നു.

✓ **ക്ലാസ് അസംബ്ലി**

ഓരോ കുട്ടികളുടെയും കഴിവുകൾ കണ്ടെത്താനും അവ വികസിപ്പിക്കാനും ക്ലാസ് അസംബ്ലി ഏറെ പ്രയോജനപ്പെടുന്നു.

## *1.3.ദീർഘകാലം*

✓ **സ്കൂൾ വിക്കി**

പൊതു വിദ്യാഭാസ സംരക്ഷണ യജ്ഞത്തിൻറെ ഭാഗമായി നടപ്പിലാക്കിയ സ്കൂൾ വിക്കി നമ്മുടെ സ്കൂളിൽ വളരെ ഭംഗിയായി പ്രവർത്തിക്കുന്നു. പ്രധാനപ്പെട്ട ദിവസങ്ങളിലെ പ്രവർത്തനങ്ങൾ , വാർത്തകൾ എന്നിവ സ്കൂൾ വിക്കിയിലെ സ്കൂളിന്റെ പേജിൽ നിന്നും ലോകത്തു എവിടെ നിന്ന് വേണമെങ്കിലും വായിച്ചു നോക്കാനും മനസിലാക്കാനും സാധിക്കും .

✓ **പഠനയാത്രകൾ**

അറിവിന്റെ വാതായനങ്ങൾ ക്ലാസ് മുറികൾക്ക് പുറത്തേക്കു തുറക്കുന്ന പഠന യാത്രകൾ കുട്ടികൾക്കായി എല്ലാ വർഷവും സംഘടിപ്പിക്കുന്നു.

✓ **ക്ലാസ് ലൈബ്രറി**

വായനയുടെ പുതിയ ലോകം ഓരോ കുട്ടികളിലും തുറക്കുക എന്ന ഉദ്ദേശ്യത്തോടെ ഓരോ ക്ലാസ്സിലും കുട്ടികൾക്കായി വായന മൂല പ്രവർത്തിക്കുന്നു. ഒഴിവു സമയങ്ങളിൽ കുട്ടികൾക്ക് വിവിധ പുസ്തകങ്ങൾ വായിക്കാനും അറിവ് ശേഖരിക്കാനും ഇത് വഴി സാധിക്കുന്നു.. ക്ലാസ് ടീച്ചർ മാരാണ് ഇതിന്റെ ചുമതല വഹിക്കുന്നത്.

✓ **ഇ ലൈബ്രറി**

അറിവുകൾ വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്ന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നമ്മുടെ സ്കൂളിൽ ഒരു ഡിജിറ്റൽ ലൈബ്രറി പ്രവർത്തിക്കുന്നു.സംശയ നിവാരണവും, വിവരശേഖരണവും നിമിഷ നേരം കൊണ്ട് ഇതിലൂടെ സാധ്യമാക്കുന്നു.

✓ **ബർത്ത് ഡേ ബുക്ക് പദ്ധതി**

വായനാശീലം കുട്ടികളിൽ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ കുട്ടികൾ അവരുടെ പിറന്നാൾ ദിനത്തിൽ സ്കൂളിലേക്ക് ഓരോ പുസ്തകം കൊണ്ടുവരണം എന്നാണു ഇതിലൂടെ ലക്ഷ്യമിടുന്നത്

✓ **പച്ചക്കറി ത്തോട്ടം**

ജൈവകൃഷി പ്രോത്സാഹനം ,കൃഷി കൂടുതൽ അറിയൽ എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി സ്കൂൾ കോമ്പൗണ്ടിൽ ഒരു പച്ചക്കറിത്തോട്ടം കുട്ടികളുടെ മേൽനോട്ടത്തിൽ ഭംഗിയായി നടന്നു വരുന്നു. കപ്പ, കാച്ചിൽ, മുളക്, തക്കാളി, പയർ, ഇഞ്ചി, മഞ്ഞൾ , കറിവേപ്പില, പടവലങ്ങ, കോവൽ, വാഴ, ജാതി, മുരിങ്ങ, വഴുതന എന്നിവയെല്ലാം ഇവിടെ വിളയുന്നു.

✓ **ഔഷധ തോട്ടം**

വിവിധ ഔഷധ സസ്യങ്ങൾ പരിചയപ്പെടുക, ഉപയോഗം മനസിലാക്കുക എന്ന ആശയത്തോട് ചേർന്ന് ഒരു ഔഷധ തോട്ടം നമുക്ക് ഉണ്ട്.

✓ **കാരുണ്യ പ്രവർത്തികൾ**

കുട്ടികൾക്ക് അറിവ് മാത്രം പോരാ അവർക്കാവശ്യമായ ധാർമിക മൂല്യങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ഓരോ വർഷവും നമ്മുടെ സ്കൂൾ വിവിധ ജീവകാരുണ്യ പ്രവൃത്തികൾ ചെയ്തു വരുന്നു. നമ്മുടെ സ്കൂളിലെ ഒരു കുട്ടിക്ക് വീട് പണിതു നൽകിയതും , മരിയസദനത്തിലെ അന്തേവാസികൾക്ക് ആവശ്യമായ സാധനങ്ങൾ എത്തിച്ചതും കുഞ്ഞു കരങ്ങളിലെ മനുഷ്യ മുഖമാണ് പ്രതിഫലിപ്പിക്കുന്നത്.

✓ **ഭവന സന്ദർശനം**

കുട്ടികളുടെ ഭൗതിക സാഹചര്യങ്ങൾ നന്നായി മനസിലാക്കുക എന്ന ലക്ഷ്യത്തോടെ അദ്ധ്യാപകർ ഭവന സന്ദർശനം നടത്തുന്നു. കുട്ടികളെ കൂടുതൽ മനസിലാക്കുന്നതിനും , പഠന പ്രവർത്തനങ്ങൾ നന്നായി ആസൂത്രണം ചെയ്യുന്നതിനും ഇത് സഹായിക്കുന്നു.

- ✓ **സ്കൂൾ മാഗസിൻ**

വിദ്യാർത്ഥികളുടെ സർഗ്ഗ ശേഷിയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.ഇതിൽ കുട്ടികളുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു

- ✓ **അവെർനെസ്സ് ക്ലാസുകൾ**

കുട്ടികളുടെ സുരക്ഷാ മുന്നിൽകണ്ട് വിവിധ സെമിനാറുകൾ, ബോധവത്കരണ ക്ലാസുകൾ എന്നിവ നടത്തുന്നു.കുട്ടികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചു ബോധവാന്മാരാക്കുക എന്ന ഉദ്ദേശ്യത്തോടെ ഇത് പ്രവർത്തിക്കുന്നു.

# പ്രവർത്തന പദ്ധതിയുടെ വിശകലനം

## മേഖല :അക്കാദമിക്

### *വിഷയം- മാതൃഭാഷ*

*ലക്ഷ്യങ്ങൾ*

- എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു.
- വ്യത്തിയായി എഴുതുന്നു
- പ്രായത്തിനനുസരിച്ചുള്ള ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പു വരുത്തുന്നു.
- സാഹിത്യ അഭിരുചി വളർത്തുന്നതിനുള്ള അവസരം നല്കുക.
- സർഗാത്മക രചനകൾക്കുള്ള അവസരം നൽകുക.
- ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
- ഭാഷ ശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.
- മലയാളത്തിളക്കം കൂടുതൽ സജീവമാക്കും.
- മലയാള ഭാഷാ വാരം , മലയാളദിനം എന്നിവ ആചരിക്കും.

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭാഷ പരമായ പിന്നോ ക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br><br>അക്ഷരം ഉറപ്പിക്കൽ<br><br>അടയാളം ഉറപ്പിക്കൽ<br><br>വാക് കാർഡ്<br><br>വാക്യങ്ങൾ നിർമ്മിക്കൽ<br><br>ചിത്രം അടിക്കുറിപ്പ്<br><br>ചിത്രം കഥ പറയൽ (CWSN)<br><br>ചിത്രം കഥ എഴുതൽ<br><br>കഥ ബാക്കി എഴുതൽ<br><br>സി ഡി പ്രദർശനം<br><br>പ്രത്യേകം ക്ലാസ്<br><br>മണലെഴുത്ത് | രണ്ട് മാസം<br><br>ഓഗസ്റ്റ് സെപ്റ്റംബർ | BRC<br><br>DIET<br><br>PTA<br><br>IED<br><br>Trainer | പുസ്തകങ്ങൾ<br><br>സി ഡി<br><br>BRC<br><br>DIET |
| 2. | ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.<br><br>വായനക്കൂട്ടം | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br><br>വായന മൂല രൂപീകരിക്കൽ | ആറു മാസം | BRC<br><br>PTA<br><br>DIET<br><br>CLASS TR. | ക്ലാസ് ലൈബ്രറി<br><br>പത്രങ്ങൾ<br><br>വായനാമുറി |

| | | | | | |
|---|---|---|---|---|---|
| | മലയാള ഭാഷാവാരം ,മലയാളദിനം എന്നിവ ആചരിക്കൽ | ലൈബ്രറി നവീകരിക്കൽ<br>സമീപ ഗ്രന്ഥ ശാല അംഗത്വം<br>വായനോത്സവം സംഘടിപ്പിക്കൽ പത്ര വായന<br>'അമ്മ വായന<br>പുസ്തക ചർച്ച<br>വായനക്കുറിപ്പ്<br>ഇ വായന | | | ഇൻറർനെറ്റ്<br>കമ്പ്യൂട്ടർ |
| 3. | മലയാളത്തിളക്കം | ദിനാചരണങ്ങൾ<br>വായന ദിനം,<br>വായന വാരം<br>പുസ്തകചർച്ച<br>സർഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>വായനക്കുറിപ്പ്<br>ബാലസഭ ചിത്ര ഗാലറി | ആറു മാസം | CLASS TR.<br>BRC<br>PTA | ക്ലാസ് ലൈബ്രറി<br>പത്രങ്ങൾ |
| 4. | കുട്ടിയെമികച്ച എഴുത്തുകാരനാക്കുക | വിദ്യാരംഗം കലാ സാഹിത്യവേദി | 1 വർഷം | CLASS TR. | books |

| | | | | | |
|---|---|---|---|---|---|
| | | കഥ,കവിത,പ്രസംഗം ,കടംകഥ,പഴഞ്ചൊല്ലുകൾ,ചിത്ര രചനക്കുള്ള അവസരം നൽകൽ | | PTA | |
| 5. | ഭാഷ ശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.<br><br>CWSN | വാക്ക് നിർമ്മാണം<br><br>ചിഹ്നം ചേർത്ത് വായിക്കൽ<br><br>ചിത്ര വായന<br><br>അക്ഷര നിർമ്മാണം<br><br>മുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ<br><br>നിറം നൽകൽ<br><br>സി ഡി പ്രദർശനം<br><br>അക്ഷര ചങ്ങല | 1 വർഷം | BRC Trainer<br><br>PTA<br><br>Class tr. | പുസ്തകങ്ങൾ<br><br>ചാർട്ടുകൾ |
| 6. | വായനോത്സവം സംഘടിപ്പിക്കൽ | പുസ്തക അനുഭവം പങ്കിടൽ<br><br>രംഗാവിഷ്കാരം | 1 വർഷം | Class tr.<br><br>SRG | പുസ്തകങ്ങൾ<br><br>അവതരണം |

| | | | | | |
|---|---|---|---|---|---|
| | | നാടകങ്ങൾ<br><br>നാടക ക്ലബ് | | | |
| 7. | ഭാഷ വികസനം | കഥ ബാക്കിപറയൽ എഴുതൽ<br><br>പത്ര വായന<br><br>അടിക്കുറിപ്പ് തയ്യാറാക്കൽ | 1 വർഷം | Class tr. | പുസ്തകങ്ങൾ |

*വിലയിരുത്തൽ*

ക്ലാസ് ടീച്ചർ, SRG Convener എന്നിവരുടെ നേതൃത്വത്തിൽ വിലയിരുത്തൽ നടത്തി റിപ്പോർട്ട് ഹെഡ്മാസ്റ്റർക്ക് കൈമാറുന്നു.

# പ്രവർത്തന പദ്ധതിയുടെ വിശകലനം

## മേഖല :അക്കാദമിക്

## വിഷയം- ഇംഗ്ലീഷ്

### *ലക്ഷ്യങ്ങൾ*

- എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു.
- വൃത്തിയായി എഴുതുന്നു
- ഇംഗ്ലീഷ് ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പു വരുത്തുന്നു.
- സാഹിത്യ അഭിരുചി വളർത്തുന്നതിനുള്ള അവസരം നല്കുക.
- സർഗാത്മക രചനകൾക്കുള്ള അവസരം നൽകുക.
- ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
- ഭാഷ ശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.
- ഹലോ ഇംഗ്ലീഷ് പ്രവർത്തനം വ്യാപിപ്പിക്കുക
- ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുക
- ഓരോ ക്ലാസ്സിലും ഇംഗ്ലീഷ് സ്പീക്കിംഗ് കോർണർ സംഘടിപ്പിക്കുക.
- ചെറിയ ചെറിയ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കുക.
- ആശയ വിനിമയം ഇംഗ്ലീഷിൽ നടത്താൻ അവസരം നൽകുക.
- ഇംഗ്ലീഷ് അഭിവാദനങ്ങൾ ശീലിപ്പിക്കുക.
- റോൾപ്ലേ , സ്കിറ്റ് എന്നിവയ്ക്കായി പരിശീലനം നൽകുക
- സ്പെഷ്യൽ ക്ലാസുകൾ സംഘടിപ്പിക്കുക.
- കമ്മ്യൂണിക്കേറ്റീവ് ക്ലാസുകൾ ആഴ്ചയിൽ ഒരിക്കൽ നടത്തുക.

| | Aim | Activity | Duration | charge | Assistance |
|---|---|---|---|---|---|
| 1. | Improve the slow learners | Pre test<br>Letter learning<br>Simple words<br>Picture card reading<br>Joining picture with words<br>Form words with letter cards<br>Special class for low proficient learners | 1 week<br>June-July<br>Wed 9:00-9:30<br>Daily 1:30-2:00 | Class tr.<br>P T A | Books<br>Letter card<br>Flash card |
| 2. | Making A good reader | Reading corner<br>Picture reading<br>Story reading,English Assembly<br>(English news, Poem, Riddles, Puzzles,.etc.) | 1 year | Class tr.<br>SRG | E-books<br>ICT<br>Picture story books |
| 3. | Good English user | Simple role plays<br>Story telling<br>Asking interactive questions | Nov-March | Class tr. | ICT<br>Text<br>Speech<br>Bubbles |

| | | | | | |
|---|---|---|---|---|---|
| 4. | Improve English | Developing words<br>Sentence making<br>Rearrange sentences<br>Video presentation<br>Remedial teaching- (2 days in a week) | 1 weeks<br><br>1 weeks<br>6 months<br><br>1 year | Teachers from higher classes<br>SRG<br>BRC<br>Class Tr. | Audio Clips<br>Text books<br>ICT<br>Language Lab<br>CD, School library, Chart |
| 5. | Speak English | **Class room interactions**- *give opportunity to the students to interact each other in English … the tr should promote them in speaking english*<br>Simple conversations<br>Speech competitions<br>**Rhymes**…collect and recite the simple rhymes thrice in a week<br>**English Fest**- *Conduct an English fest once in a year.it includes students poems, songs, roleplays, dramas, conversations…etc.*<br>**English speaking Corner**- *In every class should setup an English corner which includes Charts, Books, etc,,,* | march<br><br>1 year<br><br>June- March<br><br>march | BRC, Class Tr.<br>Class tr.<br>Higher students<br>Audio Clips<br>H.M.<br>SRG<br>PTA<br>Class tr.<br>Class tr.<br>Hello English in charge<br>SRG | Chart, Pictures,<br>Picture Cards,<br>Dictionary<br>ICT<br>Prizes<br>Books,, Charts, News papers,<br>Englih library |

| | | | | | |
|---|---|---|---|---|---|
| | | Hello English<br><br>**Best English speaking student**.- *at last find out the best English speaking student form the class and give prizes in the annual day.* | Once in a week<br><br>1 year<br><br>March<br><br>1year | Class tr.<br><br>All teaching staff<br><br>PTA<br><br>Cass Tr. | Prize<br><br>Pictures<br><br>Cards |
| 6. | Writing | Picture Description<br><br>Word pyramid –by adding one letter<br><br>Simple Project work<br><br>Familiarise the grammatical structure- *prepositions, past tence, Irreregular verbs, Contract forms etc…* | 1 year | Class Tr,<br><br>SRG<br><br>English tr. | Puzzles<br><br>School library,<br><br>Class Library.<br><br>Dictionary,<br><br>Grammer Texts, text books etc, |
| 7. | E-Learning | Using computer to get appropriate pronounciation and tune variations… | 1 year | Hello English in charge, Class Teacher, | ICT, |
| 8. | Support for CWSN Learners | Drawing And colouring<br><br>Coloring letters<br><br>Jigsaw Puzzles<br><br>Words and pictures<br><br>Language games | | SRG,<br><br>BRC | Audio Clips,<br><br>Internet Facility<br><br>Computer lab. |

| | | | | | |
|---|---|---|---|---|---|
| | | Use of Magic wall<br>Letter Blocks<br>Preparing concept map in each unit<br>Exibit new words in chart.<br>Playing scrabble | 1 year | | puzzles<br>Color books<br>Picture books<br>Blocks and models |
| 9. | Enrich Vocabulary of lessons | Playing Alphabatic games<br>Devoloping my vocabulary list during the leanring process | Throughout year | PTA<br>BRC<br>Class tr. | ICT<br>Text book |
| 10. | Encourage english | **Concept maping..***workout a concept mapping activity to get idea about the words that learners know*<br>**Word Games..** this will help the students to think more and devolp vocabulary… | 1 year | | |

| | | | | | |
|---|---|---|---|---|---|
| | | Find the rhyming words<br>English magazine | | | |
| | | **Blooming buds**..prepare a rhyme collection book by students contribution | | Class Tr. | |
| | | **Rising sun**.. prepare a story book by students themselves . | | | Text book |
| | | **Chart making**… *Students should make a chart after the each lession. This will help the students to get a deep awareness about the unit.* | | Class tr. | |
| | | **Magic words**…*This activity helps the students to enjoy English learning.The words like...Sea-See,*<br>*, there- Their,*<br>*So-Saw* | | | Dictionary, word chart |

***Evaluation***

Each activity will be evaluated after the every month by the Class tr and the SRG Convener , then submit a report to the H.M. for further Monitoring.

# പ്രവർത്തന പദ്ധതിയുടെ വിശകലനം

## മേഖല :അക്കാദമിക്

## വിഷയം- ഗണിതം

## *ലക്ഷ്യങ്ങൾ*

- എല്ലാ കുട്ടികളും ഗണിത ശേഷി നേടി എന്ന് ഉറപ്പു വരുത്തുന്നു.
- വ്യത്തിയായി എഴുതുന്നു
- ഗുണനപ്പട്ടിക, സങ്കലന പട്ടിക എന്നിവ കുട്ടികൾ നേടി എന്ന് ഉറപ്പു വരുത്തുന്നു.
- ഗണിത അഭിരുചി വളർത്തുന്നതിനുള്ള അവസരം നൽകുക.
- ഗണിതാശയം ഉൾക്കൊള്ളുന്ന രചനകൾക്കുള്ള അവസരം നൽകുക.
- ഗണിതാശയങ്ങൾ രസകരമായി അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
- ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.
- മാഗസിൻ തയ്യാറാക്കുക
- മാത്സ് ഫെസ്റ്റ് സംഘടിപ്പിക്കുക
- ഓരോ ക്ലാസ്സിലും ഗണിതം മധുരം പദ്ധതി സംഘടിപ്പിക്കുക.
- കുസൃതി കണക്കു പുസ്തകങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കുക.
- ചതുഷ് ക്രിയകൾക്കു പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുക.
- ഗണിത ക്വിസുകൾ ആഴ്ചയിൽ ഒരിക്കൽ നടത്തുക

## ഗണിത ശാസ്ത്രം പരിമിതികൾ

- ഐ.സി ടി. അധിഷ്ഠിതവും, പ്രക്രിയാ ബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലുള്ള പരിമിതികൾ
- ലൈബ്രറി ഫലപ്രദമാണെങ്കിലും സമയ പരിധി
- രക്ഷിതാക്കൾക്ക് മാർക്ക് മതി എന്ന കാഴ്ചപ്പാട്
- നിലവിലുള്ള മൂല്യ നിർണ്ണയ ചോദ്യപേപ്പറുകൾ

## കാരണങ്ങൾ കുട്ടികളിൽ

1. "ഗണിതം പ്രയാസം" എന്ന മുദ്രാവാക്യം
2. അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്
3. പഠനമാധ്യമത്തിലെ പ്രശ്നങ്ങൾ (ഇംഗ്ലീഷ്)
4. പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത്
5. തുടർച്ചയായ അസുഖങ്ങൾ

## അധ്യാപകരിൽ

- ഭിന്നനിലവാരക്കാരായ കുട്ടികൾ ഉള്ള ക്ലാസുകളിലെ അധ്യാപനം
- വിനിമയത്തിനുള്ള സമയക്കുറവ്
- പരീക്ഷാധിഷ്ഠിതമായി പാഠപുസ്തകത്തിലെ ആശയങ്ങളെ സമീപിക്കുമ്പോൾ ആശയങ്ങൾ ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകുന്നത്
- പാഠപുസ്തകത്തിലെ തെറ്റുകൾ
- സ്കീമം ഓഫ് വർക്കിന്റെ ചട്ടക്കൂട്

**രക്ഷിതാക്കൾ**

1. എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.
2. രക്ഷിതാക്കൾ സ്കൂളുമായി ബന്ധപ്പെടുന്നില്ല.
3. പ്രവൃത്തിദിനങ്ങളിലുള്ള യാത്ര

**പരിഹാരബോധനം**

1. പ്രീ ടെസ്റ്റ് നടത്തി കുട്ടിയുടെ നില നിർണ്ണയിക്കൽ
2. അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ
3. ഗണിത ക്ലബ്ബ് രൂപീകരണം
4. അധിക സമയം കണ്ടെത്തുക
5. ഗണിത പഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തുക
6. ഗണിതലാബ് സജ്ജീകരിക്കുക
7. ക്ലാസ് പി.ടി.എ ഫലപ്രദമാക്കുക
8. വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പ്രവർത്തനം
9. റിസോഴ്സ് ടീച്ചേഴ്സിന്റെ ക്ലാസുകൾ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുക
10. ഐ.സി. ടി പരിശീലനം അധ്യാപകർക്ക് നല്ക്കുക

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | **ഗണിതത്തിന്റെ ആവശ്യകത, ഗണിതപഠനത്തിൽകുട്ടികൾകക്ക് അഭിരുചി വളർത്തുക.** | *സെമിനാർ സംഘടിപ്പിക്കുക*<br>• ഗണിതത്തിന്റെ ചരിത്രവും പ്രാധാന്യവും, ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രം കുട്ടികളുമായിപങ്കുവെയ്ക്കുക | ജനുവരി -മാർച്ച് (2018) ഫെബ്രുവരി | ഹെഡ്മാസ്റ്റർ , എസ്.ആർ .ജി കൺവീനർ, ക്ലാസ്ടീച്ചർ | ക്ലാസ് സംഘടിപ്പിക്കുക റിസോഴ്സ് പേഴ്സൺ |
| 2. | ഗണിത ലാബ് | വിദ്യാലയത്തിൽ പൊതുവേ ഗണിതവുമായി ബന്ധപ്പെട്ട രസകരവും , ലളിതവുമായ പ്രൊജക്ടുകൾ സ്വയം ചെയ്യാനുള്ള പ്രവർത്തനങ്ങൾ രസകരമായു ലളിതമായും നല്കുക. ഗണിത റഫറൻസ് ബുക്കുകൾ ,വർക്കിംഗ് മോഡൽ , ചുമർഗണിതചിത്രങ്ങൾ, മെട്രിക്ക് ഉപകരണങ്ങൾ, അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ , എന്നിവ അതാതു ക്ലാസുകൾക്ക് അനുയോജ്യമായത് തിട്ടപ്പെടുത്തുക | ജൂൺ ഹ്രസ്വം മേയ്-20 | ഗണിത ക്ലബ്ബ് അംഗങ്ങൾ<br>ക്ലാസ്ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 3. | **ഗണിതപ രമായി ബന്ധപ്പെട്ട പിന്നോ ക്കാവസ്ഥ പരിഹരിക്കൽ** | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തു ന്നു.<br>• ചോദ്യാവലിഉണ്ടാ ക്കുന്നു.<br>• പ്രീ-ടെസ്റ്റ്<br>• മൂല്യ നിർണയം<br>• റിസൾട്ട് രേഖപ്പെ ടുത്തുന്നു<br>• റിപ്പോർട്ട് തയ്യാറാക്കുന്നു.<br>• എസ്.ആർ.ജി യിൽ അവതരണം<br>• സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായുംനല്കു ന്നു.<br>• വർക്ക് ഷീറ്റു കൾ നല്കുന്നു.<br>• രക്ഷിതാ ക്കൾക്ക് ക്ലാസുകൾ നല്കുന്നു. | • ജൂൺ– 3–7 ആസൂത്രണം ജൂൺ<br><br>മാർച്ച് | ഹെഡ്മാസ്റ്റർ എസ്. ആർ .ജി കൺവീനർ,<br><br>ക്ലാസ് ടീച്ചർ | വർക്ക്ഷീറ്റ്,<br><br>ഐ. സി..ടി ക്ലാസ്സ് റൂം |
| 4. | ലിറ്റിൽ മാസ്റ്റർ | ഗണിത ശാസ്ത്രത്തിൽ മികച്ച 5 കുട്ടികളെ കണ്ടെത്തി അവരെ വർഷാവസാനം ലിറ്റിൽമാസ്റ്റർ ഓഫ് മാത്സ് ആയി തെരെഞ്ഞെടുക്കു ന്നു.<br>വാർഷിക പരിപാ ടിയിൽവെച്ച് സമ്മാനം നല്കി ആദരിക്കു ന്നു. | മാർച്ച്<br><br>ഒരു വർഷം | S, R ,G convinor | സമ്മാനങ്ങൾ |

| | | | | | |
|---|---|---|---|---|---|
| **5.** | ഗണിത ശാസ്ത്ര കോൺഫറൻസ് | സ്കൂളിൽ ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. പോരായ്മകൾ കണ്ടെത്തുന്നു.വിലയിരുത്തുന്നു, നല്ലതിനെ പ്രോൽസാഹിപ്പിക്കുന്നു.അംഗീകരിക്കുന്നു. അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ അംഗീകരിക്കുന്നു. | ഒരു വർഷം | All teaching sfaff. P.T.A | P.T.A |
| **6.** | സംഖ്യാ ബോധം ഉറപ്പിക്കൽ | പാറ്റേൺ നിർമ്മാണം , സംഖ്യാ കാർഡ് നിർമ്മാണം | | All teaching sfaff. | ഐ സി ടി സാധ്യത ബുക്ക്സ് |

| | | | | | |
|---|---|---|---|---|---|
| **7.** | ഗണിതാസ്വാദനം | ഗണിതം പരീക്ഷണ വസ്തു ആക്കാതെ ഗണിത സമസ്യ കളുടെ സാമൂഹികപരമായും ബുദ്ധിപരവുമായ മാനങ്ങൾ വിശദീകരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അതാതു ക്ലാസിലെ പഠനനേട്ടങ്ങളുമായി തട്ടിച്ചുകൊണ്ട് തുടർപ്രവർത്തനത്തിനു സാധ്യതയുള്ളതുമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.ക്വിസ്സ് മൽസരങ്ങൾ,പസ്സിലുകൾ, കുസൃതിക്കണക്കുകൾ എന്നിവകണ്ടെത്തി ആസൂത്രണം ചെയ്യുന്നു.<br>• ഐ. സി ടി. സാധ്യത | ഒരു വർഷം (ദീർഘം) | ഹെഡ്മാസ്റ്റർ, എസ്.ആർ ജി കൺവീനർ, ക്ലാസ് ടീച്ചർ | ബോർഡ്, ബുക്ക്സ്, അസംബ്ലി ചുവർ പത്രിക പഠനോപകരണങ്ങൾ |
| **8.** | ഗണിത ക്ലബ്ബ് രൂപീകരണം | ഓരോ ക്ലാസിലേയും 1/4 ഭാഗം കുട്ടികൾ ഗണിതക്ലബ്ബിൽ അംഗങ്ങളായിരിക്കും. | 1 വർഷം | ഹെഡ്മാസ്റ്റർ ,എസ്.ആർ .ജി കൺവീനർ, ക്ലാസ്ടീച്ചർ എം പി.ടി.എ. പി.ടി.എ | ബുള്ളറ്റിൻ ബോർഡ്, ബുക്ക്സ്, അസംബ്ലി ചുവർപത്രിക, ഗണിത കിറ്റ് |

| | | | | | |
|---|---|---|---|---|---|
| | | ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടി കളേയും ഉൾപ്പെടു ത്തിക്കൊണ്ട ് ക്ലാസ് തല ത്തിലും സ്ക്കൂൾ തലത്തിലും പരി പാടികൾ ആസൂത്രണം ചെയ്ത് നടപ്പാ ക്കുന്നു.<br>വിദഗ്ധരെ കണ്ടെത്തുന്നു<br>• ക്ലാസുകൾ സംഘടിപ്പി ക്കുന്നു | | | |
| 9. | **ഗണിത മാഗ സിൻ** | • ഗണിതാശയ ങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണി തശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെ ടുത്തി ക്ലാസ് തലത്തിലുംസ്ക്കൂൾ തലത്തിലും, മാഗസ്സി ൻ തയ്യാറാക്കി ഉപജില്ല ജില്ലാ മൽസരത്തിനു വേണ്ടി സമർപ്പിക്കുന്നു. | ജൂൺ- ഒക്ടോബർ | ഗണിത ക്ലബ്ബ് അംഗങ്ങൾ | A-4 Sheet books Book Binding , interview with people |
| 10. | **ഗണിത ക്വിസ്സ്** | മാസത്തിലൊരി ക്കൽ ഗണിതവുമായി ബന്ധപ്പെട്ട ക്വിസ്സ് മൽസരം ക്ലാസിലും തുടർന്ന് | മാസത്തിലൊ രിക്കൽ | | ചാർട്ട് |

| | | | | | |
|---|---|---|---|---|---|
| | | സ്ക്കൂൾ തലത്തിലും നടത്തുന്നു. | (ഓഗസ്റ്റ്-ജനുവരി) | | |
| 11. | സംഖ്യാ ബോധം | അക്കങ്ങൾ ഉറപ്പിക്കൽ<br>മുന്നോട്ട് എണ്ണുന്നു<br>എഴുതുന്നു<br>ആരോഹണ ക്രമം<br>അവരോഹണ ക്രമം<br>അബാക്കസ് നിർമ്മാണം | 2 മാസം<br>2 മാസം | ക്ലാസ്ടീച്ചർ<br>മാതാ പിതാക്കൾ | മഞ്ചാടി<br>പുളിങ്കുരു<br>പേപ്പർ പ്ലേറ്റ്<br>ചാർട്ട്<br>പാട്ടുകൾ<br>ഗണിത കോർണർ<br>വാഴപ്പിണ്ടി ഈർക്കിൽ മുത്തുകൾ |

***വിലയിരുത്തൽ***

ക്ലാസ് ടീച്ചർ, SRG Convener എന്നിവരുടെ നേതൃത്വത്തിൽ വിലയിരുത്തൽ നടത്തി റിപ്പോർട്ട് ഹെഡ്മാസ്റ്റർക്ക് കൈമാറുന്നു.

# പ്രവർത്തന പദ്ധതിയുടെ വിശകലനം

## മേഖല :അക്കാദമിക്

## വിഷയം - പരിസര പഠനം

### ലക്ഷ്യങ്ങൾ

- പ്രകൃതിയെ അറിയുന്നതിന് , മനസിലാക്കുന്നതിന്.
- കാർഷിക അഭിരുചി വളർത്തുന്നതിന്.
- കൗതുകം,ജിഞ്ജാസ , നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാകുകയും പ്രയോഗിക്കുകയും ചെയ്യുക
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
- ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക
- പരിസ്ഥിതി ക്ലബിൻറെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക
- ഹെൽത്ത് ക്ലബ് സജീവമാക്കുക.
- വിവിധ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക
- കൃഷി ചെയ്യുന്നതിനും, അറിയുന്നതിനും.
- ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക

| | ലക്ഷ്യം | **പ്രവർത്തനം** | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക | **പരീക്ഷണം**<br>വസ്തുതകൾ ഗ്രഹിക്കുന്നതിന്<br>*(പരീക്ഷണ സാധനങ്ങൾ*<br>*നോട്ട് ബുക്ക്)* | ആറു മാസം | ക്ലാ സ് ടീച്ചർ | സ്കൂൾ മാനേജ്മെൻറ്<br>പി ടി എ |
| 2. | പരിസ്ഥിതി ക്ലബിൻറെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക | **പരിസ്ഥിതി ക്ലബ്**<br>*കൃഷിയെ അറിയുന്നതിനും*<br>*പരിസ്ഥിതി സംരക്ഷണത്തിനും*<br>*പച്ചക്കറി വിത്തുകൾ* | ഒരു വർഷം | ക്ലാ സ് ടീച്ചർ | പി ടി എ . കൃഷി ഭവൻ |
| 3. | ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക | വളം നിർമ്മാണ യൂണിറ്റ്<br>ജൈവ കൃഷി അറിയുന്നതിന് | ഒരു വർഷം | ക്ലാ സ് ടീച്ചർ, SRG | പച്ചക്കറി, ആഹാര അവശിഷ്ടങ്ങൾ<br>സ്കൂൾ പാചക യൂണിറ്റ് അങ്കണത്തിൽ നിന്ന് |

| | | | | | |
|---|---|---|---|---|---|
| 4 | വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക | പ്രതിരോധ പ്രവർത്തനങ്ങൾ രോഗങ്ങൾ തടയുന്നതിന് ശുചിത്വം നിലനിർത്തുന്നതിന് | ഒരു വർഷം | ക്ലാ സ് ടീച്ചർ, SRG | വിവിധ സർക്കാർ വകുപ്പുകൾ PTA |
| 5. | കൗതുകം, ജിഞ്ജാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | പഠന യാത്രകൾ | രണ്ട് മാസം | ക്ലാ സ് ടീച്ചർ, SRG PTA | വാഹനം വിവിധ സ്ഥലങ്ങളുടെ ലിസ്റ്റ് ഡ്രൈവർ, ഭക്ഷണം |
| 6. | പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക | പ്രോജക്ട് വിഷയത്തിന്റെ അടിസ്ഥാനത്തിൽ വസ്തുതകൾ ശേഖരിക്കുന്നതിന് | ഒരു മാസം | ക്ലാസ് ടീച്ചർ SRG | റഫറൻസ് ബുക്ക്സ് |

| | | | | | |
|---|---|---|---|---|---|
| 7 | കൃഷി ചെയ്യുന്നതിനും, അറിയുന്നതിനും.<br><br>ജൈവ കൃഷി പ്രോത്സാഹിപ്പി ക്കുക | കൃഷി ചെയ്യൽ പഠിച്ച ആശയങ്ങൾ ഉൾക്കൊണ്ട് കൃഷി ചെയ്യുന്നതിന് | ആറു മാസം | റഫറൻസ് ബുക്ക്സ്<br><br>ക്ലാസ് ടീച്ചർ | വിത്തുകൾ വളം, പണി ആയുധങ്ങൾ<br><br>PTA, |
| 8. . | വിവിധ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക | ശാസ്ത്രക്വിസ്, കൃഷി ക്വിസ് എന്നിവ നടത്തുന്നു. | എല്ലാ മാസ വും | ക്ലാസ് ടീച്ചർ | റഫറൻസ് ബുക്ക്സ്, ലൈബ്രറി |
| 9. | പ്രത്യേക പരിഗണന പ്രവർത്തനങ്ങൾ<br><br>(CWSN) | ചിത്രവായന- ചിത്ര രചന കളറിങ് എന്നിവയിലൂടെ ശാസ്ത്ര അഭിരുചി വളർത്താൻ അവസരം നൽകുന്നു. പരിസര നടത്തത്തിലൂടെ കുട്ടികൾക്ക് കണ്ട് മനസിലാക്കാൻ അവസരം നൽകുന്നു | ഒരു വർഷം | ക്ലാസ് ടീച്ചർ<br><br>SRG<br><br>PTA<br><br>BRC | ചിത്രങ്ങൾ<br><br>വസ്തുക്കൾ ,ചാർട്ട് |

| | | | | | |
|---|---|---|---|---|---|
| | | വളരുന്ന പരിസര പഠന പുസ്തകം -<br><br>വിവിധ ചിത്രങ്ങൾ ശേഖരിക്കൽ | | | |

*വിലയിരുത്തൽ*

ക്ലാസ് ടീച്ചർ, SRG Convener എന്നിവരുടെ നേതൃത്വത്തിൽ വിലയിരുത്തൽ നടത്തി റിപ്പോർട്ട് ഹെഡ്മാസ്റ്റർക്ക് കൈമാറുന്നു.

## ടാലൻറ് ലാബ്- പ്രവർത്തനങ്ങൾ

- മോറൽ ക്ലബ്

കുട്ടികളുടെ ധാർമിക മൂല്യം വളർത്തുന്നതിന് ഉതകുന്ന പ്രവർത്തനമാണ് ഈ ക്ലബ്ബിലൂടെ നൽകുന്നത് കുട്ടികളിൽ നല്ല മൂല്യങ്ങളും ധാർമ്മിക ബോധവും വളർത്തുന്നതിനായി ആഴ്ചയിൽ ഒരിക്കൽ ഇതിനായി സമയം കണ്ടെത്തുന്നു.

- പരിസ്ഥിതി ക്ലബ്

പരിസ്ഥിതി സംരക്ഷിക്കപ്പെടേണ്ട ആവശ്യകത കുട്ടിയെ ബോധ്യപ്പെടുത്തുന്നതിനാണ് ഈ ക്ലബ് പ്രവർത്തിക്കുന്നത്.മാസത്തിൽ രണ്ടു തവണ ക്ലബ് അംഗങ്ങൾ.

- ഒറേറ്ററി ക്ലബ്

കുട്ടികളുടെ പ്രസംഗ കല വർധിപ്പിക്കുന്നതിനും വിഷയാധിഷ്ഠിതമായ കാര്യങ്ങൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാനും കുട്ടികളെ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒറേറ്ററി ക്ലബ് പ്രവർത്തിക്കുന്നത്. ദിനാചരണങ്ങളുടെ ഭാഗമായി ക്ലാസ്സ് തല സ്കൂൾ തല മത്സരങ്ങളും നടത്തി പ്രസംഗ ശൈലികളും രീതികളും കുട്ടിയെ പരിശീലിപ്പിക്കുന്നു .

- സ്പോർട്സ് ക്ലബ്

കുട്ടികളിൽ കായിക ക്ഷമത വർധിപ്പിക്കുക വിവിധ കായിക മത്സരങ്ങൾക്കു കുട്ടികളെ സജ്ജമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് ഈ ക്ലബ് പ്രവർത്തിക്കുന്നത്.

- ക്വിസ് ക്ലബ്.

ആനുകാലിക അറിവ് നേടുക വിവിധ മത്സര പരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തമാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽകണ്ടുകൊണ്ടാണ് ഈ ക്ലബ് പ്രവർത്തിക്കുന്നത്.ക്ലബ് ഇൻ ചാർജ് ആയി സി നിഷ ,ശ്രീ ജെയ്സൺ സെബാസ്റ്റ്യൻ എന്നിവർ പ്രവർത്തിക്കുന്നു

- ഡ്രാമ ക്ലബ്.

കുട്ടികളുടെ അഭിനയ അവതരണ മേഖലകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഈ ക്ലബ് പ്രവർത്തിക്കുന്നു.മോണോ ആക്ട് ,റോൾ പ്ലേ എന്നിവയിലൂടെ അഭിനയ ചാതുരി വളർത്താൻ ഈ ക്ലബ് സഹായിക്കുന്നു.

- സ്പിരിച്ച്വൽ ക്ലബ്

ഈശ്വര ചിന്തയുള്ള നല്ല തലമുറകളെ വാർത്തെടുക്കുന്നതിനും ,കുട്ടികളിൽ ഈശ്വര ചൈതന്യം സൃഷ്ടിക്കുന്നതിനും വിശ്വാസ മൂല്യമുള്ള കുട്ടികളെ വളർത്തുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ഈ ക്ലബ്ബിൻറെ ആനിമേറ്റർ ആയി സി.ഷിജിമോൾ അഗസ്റ്റിൻ പ്രവർത്തിക്കുന്നു

- പ്രൊജക്റ്റ് ക്ലബ്

പഠിച്ച കാര്യങ്ങളിലെ വസ്തുതകളെ നീരീക്ഷണത്തിൻറെയും, ഗ്രഹണത്തിൻറെയും ,തിരിച്ചറിവിൻറെയും അടിസ്ഥാനത്തിൽ തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്ന.

- ഒബ്സെർവേഷൻ ക്ലബ്

കാര്യങ്ങളും,സാഹചര്യങ്ങളും കണ്ടെത്തുന്നതിനും കണ്ടെത്തിയറിഞ്ഞു മനസിലാക്കുന്നതിനും ഗ്രഹിക്കുന്നതിനും സാഹചര്യം സൃഷ്ടിക്കുന്ന ഈ ക്ലബ് ടൂറും,ഫീൽഡ് ട്രിപ്പും ക്യാമ്പുകളും നടത്തുവാൻ നേതൃത്വം നൽകുന്നു.

- ആർട്സ് ക്ലബ്

കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന കലാ വാസനയെ ഉണർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും പരിശീലനവും പ്രോത്സാഹനവും നൽകുന്ന

- പ്രവർത്തിപരിചയ ക്ലബ്

കുട്ടികളിലെ നിർമ്മാണ പാടവം വർദ്ധിപ്പിക്കുന്നതിനും അവരുടെ കഴിവുകളെ പ്രകടിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന

- സുരക്ഷാ ക്ലബ് .

സുരക്ഷയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്ലബ് പ്രവർത്തിക്കുന്നത്. ഫയർഫോഴ്സ് , ആരോഗ്യം ,റവന്യൂ ജനമൈത്രി പോലീസ് എന്നിവരുടെ സഹായത്തോടെ ക്ലാസുകൾ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്ന.

- സോഷ്യൽ സയൻസ് ക്ലബ്

കുട്ടികളുടെ സാമൂഹിക പ്രവർത്തനത്തെ ഉണർത്തുന്നതിനും രാഷ്ട്രീയ സാംസ്കാരിക ഭൗതിക ഭൂമിശാസ്ത്ര ചരിത്ര കാര്യങ്ങളിൽ അറിവ് നേടാൻ കുട്ടികളെ സഹായിക്കുന്ന. ചാർട്ട് നിർമ്മാണം സ്റ്റിൽ മോഡൽ ,ക്വിസ് ,പതിപ്പ് നിർമ്മാണം ,ദിനാചരണങ്ങൾ എന്നിവ ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു.

- വിദ്യാരംഗം കലാസാഹിത്യ വേദി.

കുട്ടികളുടെ മാനസികവും ഭൗതികവും കലാപരവുമായ കഴിവുകൾ പ്രകടിപ്പിക്കുവാനും വർദ്ധിപ്പിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ വിദ്യാ രംഗം കലാ സാഹിത്യ വേദി വഴി സാധിക്കുന്നു. വിവിധങ്ങളായ മതസരങ്ങളിൽ കുട്ടികൾ പങ്കെടുക്കുന്നതിനും മലയാള ഭാഷാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കഴിയുന്ന.

- ശാസ്ത്ര ക്ലബ്.

കുട്ടിയിൽ ശാസ്ത്ര മനോഭാവവും അവബോധവും നിരീക്ഷണ പരീക്ഷണപാടവങ്ങൾ പടുത്തുയർത്തുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ ആണ് ശാസ്ത്ര ക്ലബ് നിർവഹിക്കുന്നത്

- ഹെൽത്ത് ക്ലബ്

കുട്ടികളിൽ ആരോഗ്യ ജീവിതം പടുത്തുയർത്തുന്നതിനാവശ്യമായ നിർദേശങ്ങളും രീതികളും ശീലങ്ങളും വളർത്തുകയാണ് ഈ ക്ലബിന്റെ ലക്ഷ്യം .യോഗ പരിശീലനവും ഈ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. എല്ലാ ബുധനാഴ്ചകളിലും ഹെൽത്ത് ക്ലബ്ബിന്റെ പ്രവർത്തനം ക്രോഡീകരിക്കുന്നു.

- മാത്സ് ക്ലബ്.

ഗണിതാവബോധം കുട്ടികളിൽ പരിശീലിപ്പിക്കുന്നതിനും ഗണിത ചിന്തകൾ കുട്ടികളിൽ സാംശീകരിക്കുന്നതിനും നേതൃത്വം നൽകുന്ന.

- മ്യൂസിക് & ഡാൻസ് ക്ലബ്.

കുട്ടികളിലെ സംഗീത നൃത്ത വാസനകളെ പരിപോഷിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും സജ്ജമാക്കുന്ന.

- ഹലോ ഇംഗ്ലീഷ്.

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ അനായാസം പ്രകടിപ്പിക്കുന്നതിന് അവരെ സജ്ജമാക്കുന്ന പ്രവർത്തനങ്ങളാണ് ഹലോ ഇംഗ്ലീഷ് നൽകുന്നത്.

- മലയാളത്തിളക്കം.

മലയാള ഭാഷാ പ്രയോഗം ഉച്ചാരണം ശൈലി അവതരണം സ്ഫുടത എന്നിവ മികച്ച രീതിയിൽ പ്രകടിപ്പിക്കുന്നതിനു കുട്ടികളെ പ്രാപ്തമാക്കുക എന്നതാണ് ഈ ക്ലബ് കൊണ്ട് ഉദ്ദേശിക്കുന്നത്.

- ശുചിത്വ ക്ലബ്

കുട്ടികളിൽ വ്യക്തി സാമൂഹിക ശുചിത്വ ശീലം ക്രമപ്പെടുത്തുന്നുന്നതിനും അവ അഭ്യസിക്കുന്നതിനും ഉതകുന്ന കർമ്മപരിപാടികളാണ് ഈ ക്ലബ് ആവിഷ്ക്കരിക്കുന്നത് .

- ഇന്നവേഷൻ ക്ലബ്.

വിവിധ ക്ലബ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും സമയബന്ധിതമായി അവയുടെ പ്രവർത്തന തലങ്ങളെ നിജപ്പെടുത്തുകയും വിലയിരുത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഇന്നവേഷൻ ക്ലബ് നിർവഹിക്കുന്നത് .

- റീഡിങ് ക്ലബ്.

നൂതന സാങ്കേതിക വിദ്യയുടെ വരവോടെ നമ്മുടെ സമൂഹത്തിൽ നിന്നും വായനയിലൂടെ അറിവ് നേടുന്ന കുട്ടികളുടെ ഗണ്യമായ കുറവ് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുവാനും, ഭാഷ-ശൈലി പ്രയോഗതലങ്ങൾ ,അറിവ് സ്വീകരിക്കൽ ഉച്ചരാണം, അക്ഷര സ്ഫുടത, സ്വയം വിലയിരുത്തുവാനുള്ള അവസ്ഥ സൃഷ്ടിക്കൽ എന്നീ കാര്യങ്ങൾക്കുവേണ്ടി ആയിരത്തിഅഞ്ഞൂറിൽ പരം പുസ്തകങ്ങൾ ,പത്രങ്ങൾ ,വിവിധ മാഗസിൻ ,വായനാമൂല, എന്നീ പ്രവർത്തനങ്ങൾ വായനാ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

## 2. ഭൗതികം

### *ഭൗതിക സൗകര്യ വികസന രേഖ*

- *ക്ലാസ്സുകളിൽ വൈറ്റ് ബോർഡ്*
- *സ്പെഷ്യൽ യോഗ ക്ലാസ്സ്റൂം*
- *കോൺഫറൻസ് റൂം.*
- *മോഡേൺ ടോയ്ലറ്റ്*
- *ജൈവ വൈവിധ്യ പാർക്ക്*
- *ശലഭോദ്യാനം.*
- *വീതിയേറിയ റോഡ്*
- *കൂടുതൽ കംപ്യൂട്ടറുകൾ*
- *ലാപ്ടോപ്പ് കൂടുതൽ ലഭ്യമാക്കൽ*
- *കുട്ടികൾക്ക് പാർക്ക്*
- *മെസ് ഹാൾ*
- *ഡിജിറ്റൽ ക്ലാസ്സ്റൂം*
- *ആധുനിക രീതിയിലുള്ള കളിസ്ഥലം*
- *നിരീക്ഷണ ക്യാമറ*
- *മാലിന്യ നിർമാർജന പ്ലാൻറ്*
- *മൂന്ന് നില കെട്ടിടം പണിയുക*

# ST AGNES LPS MUTTUCHIRA

2025 – 2026

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | പഠനം കൂടുതൽ ആകർഷകമാക്കാൻ | ക്ലാസ്സുകളിൽ വൈറ്റ് ബോർഡ് | 6 മാസം | H.M<br>PTA | |
| | | സ്പെഷ്യൽ യോഗ ക്ലാസ്സ്റൂം | 1 വർഷം | Panchayath, Old students | |
| | | കോൺഫറൻസ് റൂം. | 2.5 വർഷം | Management,Panchayath | |
| | | മോഡേൺ ടോയ്ലറ്റ് | 2. വർഷം<br>3. വർഷം | Panchayath, MP | |
| 2. | സ്കൂൾ ഒരു തുറന്ന പാഠപുസ്തകം | ജൈവവൈവിധ്യ പാർക്ക്<br>ശലഭോദ്യാനം. | 1. വർഷം | Old students<br>H.M,All teachers | |
| | | വീതിയേറിയ റോഡ്, ഓട, ഫുട് പാത്ത് | 1 വർഷം | Panchayath, PWD | |
| | | കൂടുതൽ കംപ്യൂട്ടറുകൾ ലാപ്ടോപ്പ് | 2. വർഷം | MLA, MP | |

| | | | | | |
|---|---|---|---|---|---|
| | | കുട്ടികൾക്ക് പാർക്ക് | 3 വർഷം | BRC, PTA& STAFF | |
| | | മെസ് ഹാൾ | 5 വർഷം | PTA,Old Students, Panchayath | |
| | | ഡിജിറ്റൽ ക്ലാസ്സ്റൂം | 5 വർഷം | MLA, MP | |
| | | നീന്തൽ കുളം | 5 വർഷം | MLA, MP | |
| | | ആധുനിക രീതിയിലുള്ള കളിസ്ഥലം | 15 വർഷം | M.P, M.L.A Sports Council, Old Students, Local body | |
| | | മാലിന്യ നിർമാർജന പ്ലാൻറ് | 3 വർഷം | Panchayath, pollution control Board | |

| | | | | | |
|---|---|---|---|---|---|
| | | മൂന്ന് നില കെട്ടിടം പണിയുക | 5 വർഷം | Management, Old Students, PTA, | |

എന്നിവയെല്ലാം ഭാവിയിലേക്ക് ആവശ്യമായി വരുന്ന കാര്യങ്ങൾ ആണ്. ഇത്തരം വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുക എന്നത് ഏറെ ശ്രമകരമായ കാര്യമാണ്.പഠനം കൂടുതൽ കാര്യക്ഷമമാക്കാൻ ഇത്തരം സൗകര്യങ്ങൾ കൂടിയേ തീരൂ. ജനപ്രതിനിധികൾ, ത്രിതല പഞ്ചായത്തുകൾ എന്നിവ ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്താൽ മാത്രമേ ഭൗതിക സൗകര്യങ്ങൾ വേണ്ട വിധം വികസിപ്പിക്കാനാവൂ.

# 3. സാമൂഹികം

## സമൂഹ ബന്ധ ആസൂത്രണം

- അദ്ധ്യാപക രക്ഷാ കർതൃ സമിതി , ക്ലാസ് പി ടി എ, സ്കൂൾ മാനേജ്മെൻറ്കമ്മിറ്റി, പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവാധ്യാപക കൂട്ടായ്മ,സ്കൂൾ വികസന സമിതി , മാതൃ സമിതി എന്നിവ ശക്തിപ്പെടുത്തുക .
- സ്കൂളിൽ നടപ്പാക്കുന്ന കാര്യങ്ങൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പൊതുജനങ്ങളെ അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.
- സമീപ പ്രദേശത്തെ സന്നദ്ധ സംഘടനകളുടെ സഹായങ്ങൾ സ്വീകരിച്ചുകൊണ്ട് സ്കൂളിലെ ഭൗതിക , സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.

| | ലക്ഷ്യം | **പ്രവർത്തനം** | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | സമൂഹ ബന്ധം ശക്തിപ്പെടുത്തുക | സ്കൂൾ പത്രം/ മാഗസിൻ | വർഷത്തിൽ ഒന്ന് | H.M, Editor in Charge, PTA | 75000/ |
| | | കുട്ടികളുടെ വീട് സന്ദർശനം<br>മെഡിക്കൽ ക്യാമ്പ്<br>ശുചീകരണ പ്രവർത്തനങ്ങൾ<br>സാമൂഹിക ബോധവൽക്കരണം<br>ജീവകാരുണ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. | വർഷത്തിൽ ഒന്ന് | Class tr.<br>SRG | PHC Assist.<br>PTA,<br>Old students |

# ഉപസംഹാരം

നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നല്ലൊരു നാളെ സ്വപ്നം കാണുന്നവരാണ് നാമെല്ലാവരും.....നമ്മുടെ കുട്ടികളുടെ ഭാവി കൂടുതൽ ശോഭനമാക്കാൻ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം . അതിൻറെ ഭാഗമായി സ്കൂളുമായി ബന്ധപ്പെട്ടു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ കോർത്തിണക്കി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുകയാണ്. ഇത് നമ്മുടെ വിദ്യാഭ്യാസ പ്രവർത്തങ്ങൾക്ക് കൂടുതൽ ശോഭ പകരും എന്ന് നമുക്ക് പ്രത്യാശിക്കാം.......ഇതിനു വേണ്ടി പ്രവർത്തിച്ച എല്ലാവർക്കും നന്ദിപറഞ്ഞുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.......



വിലയിരുത്തലുകൾ /കുറിപ്പുകൾ